ക്ലാസ്സ്
5

മതബോധനകേന്ദ്രം
മാനന്തവാടി രൂപത
First Semester Examination 2026-27

ആകെ മാർക്ക് : 80
പാർട്ട് 1 : 60
പാർട്ട് 2 : 20
സമയം : 2 മണിക്കൂർ

പേര്, വീട്ടുപേര് :

പാർട്ട് 1

ശരിയായ ഉത്തരം കോളത്തിൽനിന്ന് കണ്ടെത്തി എഴുതുക. **5×1=5**

• അപ്പത്തിന്റെ ഭവനം • വലിയ ജനതയുടെ പിതാവ് • കടന്നുപോകൽ
• വെള്ളത്തിൽ നിന്ന് എടുക്കപ്പെട്ടവൻ • ഇതെന്ത്

1. അബ്രാഹം =
2. ബഥേൽ =
3. പെസഹാ =
4. മോശ =
5. മന്ന =

താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകൾ ശരിയോ തെറ്റോ എന്ന് കണ്ടെത്തി ശരി (✓) അല്ലെങ്കിൽ തെറ്റ് (✗) അടയാളപ്പെടുത്തുക. **4×1=4**

6. യാക്കോബ് നായാട്ടിൽ സമർത്ഥനും കൃഷിക്കാരനുമായിരുന്നു. ☐
7. യാക്കോബിന്റെ മൂത്തപുത്രനായിരുന്നു ബെഞ്ചമിൻ. ☐
8. ഹോറബ് മലയിൽ വച്ചാണ് മോശ മുൾപ്പടർപ്പ് ആളിക്കത്തുന്നത് കണ്ടത്. ☐
9. സ്നേഹമുള്ള ദൈവപിതാവ് തന്റെ മക്കൾക്ക് ശ്രദ്ധാപൂർവ്വം നൽകിയ സമ്മാനമാണ് പ്രമാണങ്ങൾ. ☐

ചേരുംപടി ചേർക്കുക. **5×1=5**

10.	അബ്രാഹം	റബേക്ക
11.	ഇസഹാക്ക്	എഫ്രായിം
12.	മോശ	സാറ
13.	യാക്കോബ്	ജത്രോയുടെ മകൾ
14.	ജോസഫ്	ലെയാ

പാഠപുസ്തകത്തിലേതുപോലെ പൂരിപ്പിക്കുക. **4×1=4**

15. മോശവഴി ദൈവം നൽകിയ ..... ഇസ്രായേൽക്കാർ സന്തോഷത്തോടെ സ്വീകരിച്ചു.
16. മോശയെ ശക്തിപ്പെടുത്തുന്നതിനായി ദൈവം മൂന്ന് ..... നൽകി.
17. ..... ന്റെ മക്കളാണ് ഇസ്രായേലിലെ പന്ത്രണ്ട് ഗോത്രങ്ങളായി മാറിയത്.
18. ദൈവത്തിലുള്ള ശരിയായ വിശ്വാസം നിമിത്തമാണ് അബ്രാഹം ..... എന്ന പദവിയിലേക്ക് ഉയർന്നത്.

ഒന്നോ രണ്ടോ വാക്യങ്ങളിൽ ഉത്തരമെഴുതുക. **7×2=14**

19. അബ്രാഹത്തിന്റെ ജീവിതകഥ നമുക്ക് നൽകുന്ന സന്ദേശമെന്ത്?

20. യാക്കോബിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നതെന്ത്?

21. ജോസഫിനുണ്ടായ രണ്ടാമത്തെ സ്വപ്നം എന്തായിരുന്നു?

22. ദൈവത്തിന്റെ പദ്ധതിയിൽ ജോസഫിന്റെ ജീവിതകഥ വ്യക്തമാക്കുന്നതെന്ത്?

23. ദൈവം ഈജിപ്തിനുമേൽ പത്ത് ബാധകൾ അയയ്ക്കാൻ കാരണമെന്ത്?

24. ഈശോ നമുക്ക് നൽകിയ പുതിയ കൽപ്പന എന്ത്?

25. പുതിയനിയമത്തിലെ 4 സുവിശേഷങ്ങൾ വിവരിക്കുന്നതെന്ത്?

ഉത്തരമെഴുതുക. **4×4=16**

26. ദൈവം ഉടമ്പടിയിലൂടെ അബ്രാഹത്തിന് എത്ര വാഗ്ദാനങ്ങൾ നൽകി? ഏതെല്ലാം?

27. ദൈവം മോശയെ അയച്ചപ്പോൾ അദ്ദേഹത്തെ ഏൽപ്പിച്ച കാര്യങ്ങൾ എന്തെല്ലാം?

28. ഈജിപ്തിൽനിന്ന് പുറപ്പെട്ട ഇസ്രായേൽ ജനത്തെ കർത്താവ് വഴി നടത്തിയത് എങ്ങനെ?

29. ദൈവം ഇസഹാക്കിനോട് അരുളിചെയ്തതെന്ത്?

30. ഇസ്രായേൽക്കാരുടെ മരുഭൂമിയാത്രയിൽനിന്ന് നിങ്ങൾ സ്വന്തമാക്കിയ സന്ദേശങ്ങൾ ഏവ? **5**

31. **ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതുക.** **7**

ജീവദായക വചനം

അല്ലെങ്കിൽ

പഴയനിയമത്തിലെ ആദ്യത്തെ അഞ്ച് ഗ്രന്ഥങ്ങൾ ഏതെല്ലാം? ഈ പുസ്തകങ്ങളുടെ ഉള്ളടക്കത്തിൽ അടങ്ങയിരിക്കുന്നത് എന്തെല്ലാം?

പാർട്ട് 2

താഴെത്തന്നിരിക്കുന്ന ചോദ്യങ്ങളുടെ ശരിയായ ഉത്തരം കോളത്തിൽനിന്നും തെരഞ്ഞെടുത്തെഴുതുക. **4×1=4**

• പിറവിക്കാലം • കൈത്താക്കാലം • മംഗളവാർത്തക്കാലം • പള്ളിക്കൂദാശക്കാലം

1. ആരാധനക്രമവത്സരത്തിലെ ആദ്യത്തെ കാലം.

2. യേശുവിന്റെ ജനനം അനുസ്മരിക്കുന്ന കാലം.

3. ആരാധനക്രമവത്സരത്തിലെ അവസാനത്തെ കാലമേത്?

4. ഫലാഗമകാലം എന്നറിയപ്പെടുന്ന കാലം.

5. പരിശുദ്ധ കുർബാന യോഗ്യതയോടെ ഉൾക്കൊള്ളുവാൻവേണ്ട കാര്യങ്ങൾ എത്ര? ഏവ? **4**

6. നമ്മൾ സ്തുതി ചൊല്ലുമ്പോൾ പറയുന്നത് എന്താണ്? **1**

7. സ്തുതി ചൊല്ലലിൽ നമ്മൾ ഏറ്റുപറയുന്നത് എന്താണ്? **1**

പൂരിപ്പിക്കുക **4×1=4**

8. എന്റെ ഇടവക .....

9. ഇടവക മധ്യസ്ഥൻ .....

10. എന്റെ രൂപത .....

11. രൂപതാമദ്ധ്യസ്ഥ .....

12. വി. അൽഫോൻസാമ്മയുടെ ഏതെങ്കിലും ഒരു പുണ്യവചനം എഴുതുക? **2**

13. കുട്ടികളോടുള്ള ചാവറയച്ചന്റെ ഒരു സ്നേഹസന്ദേശം എഴുതുക. **2**

വചനം പൂർണ്ണമാക്കുക. **2**

14. "അങ്ങയുടെ വചനം എന്റെ ..... വിളക്കും

..... പ്രകാശവുമാണ്."